## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 940.

11.06.2014-ലെ മറുപടിയ്ക്ക്

### വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനു പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനു നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കാമോ ; | (എ) ടൂറിസത്തിന്റ അനന്ത സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങളാണ് പ്രധാനമായും ഇപ്പോൾ നടത്തി വരുന്നത്. കഴിഞ്ഞ മൂന്ന് വർഷമായി ടൂറിസം വകുപ്പ് ഇത്തരത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. ഇവ കൂടാതെ മാസ്റ്റർ പ്ലാനിന്റെ സഹായത്തോടെ കേരളത്തിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, വർക്കല, മൂന്നാർ, തേക്കടി, കുമരകം, ഫോർട്ട് കൊച്ചി, വയനാട്, ഗോൾഡൻ വാലി, നിലമ്പൂർ, കാലടി-മലയാറ്റൂർ-ആതിരപ്പള്ളി, അഷ്ടമുടി എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ടൂറിസം സാദ്ധ്യതാ വികസനത്തിനുമായി പദ്ധതികൾ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | അന്താരാഷ്ട്ര പ്രാധാന്യമുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി മുൻ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതി നടപ്പിലാക്കിയോ; വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | (ബി) | 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. ദേശീയ തലത്തിൽ അംഗീകാരമുള്ള ഏജൻസികൾ വഴി തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളെ അടിസ്ഥാനമാക്കി കോവളം, കുമരകം, തേക്കടി, ഫോർട്ട് കൊച്ചി, എന്നീ അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസന പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടത്തിലുൾപ്പെട്ട പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.<br>ഗോൾഡൻവാലി, അഷ്ടമുടിക്കായൽ, കാലടി - മലയാറ്റൂർ -ആതിരപ്പള്ളി ടൂറിസം സർക്യൂട്ട്, നിലമ്പൂർ, കക്കയം - പെരുവണ്ണാമൂഴി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റുമാരെ തെരഞ്ഞെടുക്കുന്ന പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. |
| (സി) | ടൂറിസം കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കാൻ നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം നൽകാമോ ? | (സി) | ടൂറിസം മേഖലയിലെ മാലിന്യ നിർമ്മാർജ്ജനത്തിനു വേണ്ടി ടൂറിസം വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കുടുംബശ്രീയുമായി ചേർന്ന് 80 ഓളം ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായ കോവളത്തിന് പ്രത്യേക പരിഗണന നൽകി ടൂറിസം വകുപ്പും, തിരുവനന്തപുരം കോർപ്പറേഷനും എക്കോ പ്രസർവ് എന്ന സംഘടനയുമായി ചേർന്ന് മാലിന്യ |

നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ചുവടെ ചേർത്തിരിക്കുന്ന വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടുകൾ വകുപ്പ് നടപ്പാക്കി വരുന്നു:

1. കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിലെ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്.
2. മൂന്നാറിലെ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്.
3. ദേവികുളം പഞ്ചായത്തിലെ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്.
4. വർക്കലയിലെ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്.
5. വൈത്തിരിയിലെ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**